# 3D Digitital game art

3 ഡി ഡിജിറ്റൽ ഗെയിം ആർട്ടിന് മേഖലാ തലം മുതലേ മത്സരങ്ങൾ ഉള്ളൂ. 8 മണിക്കൂർ നീളമുള്ള ഒരു ടാസ്ക് ആകും നൽകുക. ആ ടാസ്കിൽ ആവശ്യപ്പെട്ടിരിക്കുന്ന ഗെയിം തയ്യാറാക്കുന്നതിന് ആവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുക, ഏത് തലമുറയിൽപ്പെട്ടവർക്കും ആകർഷകമാകും വിധത്തിൽ ഗെയിം തയ്യാറാക്കുക, അനുയോജ്യമായ ഗ്രാഫിക്സും സൗണ്ടും ക്രമീകരിക്കുക, ആകർഷകമായ ആനിമേഷൻസ് ഉപയോഗിക്കുക തുടങ്ങിയ കാര്യങ്ങളാവും പരിശോധിക്കുക. മത്സരാർത്ഥികൾ ഒരു നിശ്ചിത സമയത്തിനുള്ളിൽ അവർക്ക് നൽകിയിട്ടുള്ള വർക്ക് അതിന്റെ ശരിയായ ക്രമത്തിൽ പൂർത്തീകരിക്കേണ്ടതാണ്. മത്സരത്തിന്റെ തുടക്കം മുതൽ അവസാനം വരെയുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതായിരിക്കും. കൂടാതെ മത്സരാർത്ഥികൾ മത്സരം ആരംഭിച്ച് തീരുന്നതുവരെ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതായിരിക്കും.

സംസ്ഥാന മത്സരത്തിലും മേൽപ്പറഞ്ഞ കാര്യങ്ങൾ തന്നാവും പരിശോധിക്കുക. അല്പം കൂടി സാങ്കേതിക വൈദഗ്ദ്ധ്യവും കലാഭിരുചിയും ഭാവനയും ആവശ്യപ്പെടുന്ന ടാസ്ക്കാവും നൽകുക. അതിനുവേണ്ട ഏറ്റവും എഫക്റ്റീവായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിനുള്ള കഴിവ്, വളരെ ആകർഷകമായ വിധത്തിലും ഗെയിം കളിക്കുന്നവർക്ക് പരമാവധി താത്പര്യം ജനിപ്പിക്കുന്ന തരത്തിലും ഗെയിം തയ്യാറാക്കുന്നതിനുള്ള കഴിവ്, അനുയോജ്യമായ ഗ്രാഫിക്സും ഇമ്പകരമായ ശബ്ദവും നൽകുന്നതിനുള്ള കഴിവ്, ഏറ്റവും യോഗ്യമായ ആനിമേഷൻസ് ഉപയോഗിക്കുന്നതിനുള്ള കഴിവ് തുടങ്ങിയവ പരിശോധിക്കുന്നതായിരിക്കും. കളിക്കുന്നവർക്ക് ഏറ്റവും സംതൃപ്തിയും താത്പര്യവും നൽകുന്നഗെയിം ആണോ എന്ന് പരിശോധിക്കുന്നതായിരിക്കും.

മത്സരങ്ങളിൽ പങ്കെടുക്കുന്ന മത്സരാർത്ഥികളുടെ വൈദഗ്ദ്ധ്യത്തിനു പുറമെ മത്സരാർത്ഥിയുടെ മനോഭാവം, സുരക്ഷാ മാനദണ്ഡങ്ങൾ, വർക്ക്ഷോപ്പിലെ പെരുമാറ്റം, ടൂൾസ്, ഉപകരണങ്ങൾ എന്നിവ ഉപയോഗിക്കുന്ന രീതി എന്നിവ നിരീക്ഷിക്കുന്നതായിരിക്കും.